# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

**നെയ്യാറ്റിൻകര പാറശാല റെയിൽവേ ഡബ്ലിംഗ്-RUB 109 A നിർമ്മിക്കുന്നതിന് വേണ്ടി നെയ്യാറ്റിൻകര താലൂക്കിലെ പരശുവയ്ക്കൽ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ**




*ഡിസംബർ 23, 2023*

**തിരുവനന്തപുരം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

**അർത്ഥനാധികാരി**

**ദക്ഷിണ റെയിൽവെ കൺസ്ട്രക്ഷൻസ് തൈക്കാട്ടു**

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**


രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്),
രാജഗിരി. പി.ഒ. കളമശേരി, പിൻ: 683 104, കൊച്ചി
ഫോൺ: 0484 2911332/2550785
rajagirisia@gmail.com, outreach@rajagiri.edu
www.rajagiri.edu

## ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

## അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി യുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.5.1. പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ ആശ്രയി ച്ചിരിക്കുന്നു. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം, പാലങ്ങൾ, കലുങ്കുകൾ റെയിൽവേ പാലങ്ങൾ എന്നിവ രാജ്യത്തി ൻെറ വികസനത്തിന് കൂടിയേ തീരൂ. ഇന്ത്യൻ റെയിൽവേ അതിൻെറ വിശാലമായ ശൃംഗലയിൽ ഉടനീളമുള്ള ട്രാക്കുകളുടെ എണ്ണം ഇരട്ടിയാക്കാൻ അഹോരാത്രം പരിശ്ര മിക്കുന്നു. പാസഞ്ചർ, ചരക്ക് ട്രെയിനുകളുടെ കാര്യക്ഷമതയും സുഗമമായ പ്രവർത്ത നവും വർദ്ധിപ്പിക്കാനാണ് ഇത് ലക്ഷ്യമിടുന്നത്. നെയ്യാറ്റിൻകര മുതൽ പാറശാല വരെ യുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലിൻെറ ഭാഗമായുള്ള RUB109A നിർമ്മാണം ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. നഗരങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും ഗതാഗതം സുഗമമാക്കുന്നതിൽ റെയിൽവേ അണ്ടർ ബ്രിഡ്ജുകൾ സഹായമാണ്.

റെയിൽവേ അണ്ടർ ബ്രിഡ്ജുകൾ നടപ്പിലാക്കുന്നതിലൂടെ ഗതാഗത തടസ്സങ്ങൾ കുറയുകയും വാഹനങ്ങളുടെ സുഗമമായ ഒഴുക്ക് പ്രോത്സാഹിപ്പിക്കുകയും യാത്രാ സമയം കുറയ്ക്കുകയും ചെയ്യുന്നു. റെയിൽവേ അണ്ടർ ബ്രിഡ്ജുകളുടെ നിർമ്മാണ ത്തിന് പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് സുരക്ഷയാണ്. റെയിൽവേ ട്രാക്കുകൾ റോഡു കളിൽ നിന്ന് വേർതിരിക്കുന്നതിലൂടെ അപകടങ്ങളും, ട്രെയിനുകളും, വാഹനങ്ങളും കാൽനടയാത്രക്കാരും തമ്മിലുള്ള കൂട്ടിയിടിയുടെ സാധ്യത ഗണ്യമായി കുറയുന്നു. ഈ വേർതിരിവ് സുരക്ഷയിൽ വിട്ടുവീഴ്ച്ച ചെയ്യാതെ വിവിധ ഗതാഗത മാർഗ്ഗ ങ്ങൾ ഒന്നിച്ച് നിലനിൽക്കുമെന്ന് ഉറപ്പാക്കുന്നു. റെയിൽവേ ക്രോസ്സിംഗുകളിലെ അപകട സാധ്യതകൾ കുറയ്ക്കുന്നതിലൂടെ ഗതാഗത സംവിധാനങ്ങളുടെ മൊത്തത്തി ലുള്ള സുരക്ഷയ്ക്ക് റെയിൽവേ അടിപ്പാതകൾ സംഭാവന ചെയ്യുന്നു.

ട്രെയിനുകളുടെയും, വാഹനങ്ങളുടെയും സുഗമമായ യാത്രയ്ക്കായി പരശുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 49-ൽ നിന്ന് 0.2211 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ദക്ഷിണ റെയിൽവേ ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2b(i) (check railway bridge is 2b(1)) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു

**1.2. പദ്ധതി പ്രദേശം**

നെയ്യാറ്റിൻകര മുതൽ പാറശാല വരെയുള്ള റെയിൽവേപാത ഇരട്ടിപ്പിക്കലിൻെറ ഭാഗമായുള്ള RUB109A നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്.

**1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും**

2023 ഒക്ടോബർ 20-ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തിരുവനന്തപുരം ജില്ലാ കളക്ടറുടെ വിജ്ഞാപനം K14/556676/23 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, നെയ്യാറ്റിൻകര മുതൽ പാറശാല വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കൽ ഭാഗമായുള്ള RUB109A നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്ന് 0.2211 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ദക്ഷിണ റെയിൽവേ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

ജില്ല : തിരുവനന്തപുരം　　　　താലൂക്ക് : നെയ്യാറ്റിൻകര

| വില്ലേജ് | ബ്ലോക്ക് | റീ സർവ്വെ നമ്പർ | ഏകദേശ വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| പരശുവയ്ക്കൽ | 49 | 298, 299, 306, 307, 308, 313 | 0.2211 |
| | | **ആകെ** | **0.2211** |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നെയ്യാറ്റിൻകര മുതൽ പാറശാല വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായുള്ള RUB109A നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നത്. RUB109A നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പാതയോട് ചേർന്നുള്ള ഭൂമി മാത്രമേ ഏറ്റെടുക്കാൻ ആകൂ. ബദൽ മാർഗ്ഗങ്ങൾ എല്ലാം പരിഗണിച്ചതിനു ശേഷം മാത്രമാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത്.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി പരശുവയ്ക്കൽ വില്ലേജിൽ നിന്ന് സ്ഥലം ഏറ്റെടുക്കു മ്പോൾ ഭൂവുടമകൾക്കും സമീപ പ്രദേശത്ത് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തു കയും ചെയ്തു. പരശുവയ്ക്കൽ വില്ലേജിലെ 9 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്. കൂടാതെ, പദ്ധതി പ്രദേശത്ത് താമസിക്കുന്ന പദ്ധതി നേരിട്ടല്ലാതെ ബാധിക്കുമെന്ന് പ്രതീക്ഷിക്കുന്ന ചില വ്യക്തികളുമായി അനൗദ്യോഗിക സംഭാഷണം നടത്തുകയും ചെയ്തു. പ്രദേശത്തെ ഭൂമി പൂർണ്ണമായും നഷ്ടപ്പെടുക, ഭൂമിയുടെ അളവ് കുറയുക, ചുറ്റുമതിൽ, മറ്റ് അനുബന്ധ സൗകര്യങ്ങൾ നഷ്ടപ്പെടുക, ഒരു കുടുംബത്തിന്റെ വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെടുന്നതു മൂലം കുടിയൊഴിപ്പിക്കപ്പെടേണ്ടി വരുക, തെങ്ങ് നഷ്ടപ്പെടുക, മാവ്, പ്ലാവ്, ചെറിയതോതിലെ ങ്കിലും വാഴ, കൃഷി നഷ്ടപ്പെടുക, എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ

പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ***

| ***ക്രമ നമ്പർ*** | ***പ്രത്യാഘാതങ്ങൾ*** | ***ആഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ എണ്ണം*** | ***വിശദീകരണം*** |
|---|---|---|---|
| **ഭൂമിപദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി നഷടമാകൽ/ അളവ്കുറയൽ | 9 | • 9 ഭൂവുടമകൾക്കും കൈവശഭൂമിയുടെ അളവ് കുറയും. |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 1 | 1ഭൂവുടമയുടെവീട് പദ്ധതിബാധിതമാകുന്നുണ്ട് |
| 3 | അവശ്യസൗകര്യങ്ങൾ | 0 | അവശ്യസൗകര്യങ്ങൾ ഒന്നും തന്നെ ആർക്കും നഷ്ടപ്പെടുന്നില്ല. |
| 4 | മറ്റ് നിർമ്മിതികൾ | 4 ഭൂവുടമകൾ | ചുറ്റുമതിൽ (4),ഗേറ്റ് (2) |
| **കൃഷി/ മരങ്ങൾനഷ്ടമാകൽ** | | | |
| 5 | കൃഷി/ മരങ്ങൾ നഷ്ടമാകൽ | 7ഭൂവുടമകൾ | മാവ്-1, പപ്പയ-1, തെങ്ങ്-2, വാഴ 10<br>പ്ലാവ് 1<br>റംമ്പൂട്ടാൻ 1 |
| **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | | |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | 0 ഭൂവുടമകൾ | • പദ്ധതിമൂലം ഭൂവുടമകൾക്ക് ആർക്കും ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നില്ല. |
| 7 | വരുമാനം നഷ്ടമാകൽ | 0 ഭൂവുടമകൾ | • പദ്ധതിമൂലം ഭൂവുടമകൾക്ക് ആർക്കും വരുമാനം നഷ്ടമാകൽ |
| **അവശേഷിക്കുന്നസ്ഥലത്തിൻെറ ഉപയുക്തത** | | | |
| 8 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | 1 ഭൂവുടമ | ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് മതിയാകില്ല എന്ന് 1 ഭൂവുടമ അറിയിച്ചു. |
| **പ്രവേശനമാർഗംതടസ്സപ്പെടൽ** | | | |
| 9 | നിർമ്മാണഘട്ടത്തിൽ പ്രവേശന മാർഗംതടസ്സപ്പെടൽ | 2 ഭൂവുടമകൾ | പാലത്തിൻെറയും അപ്രോച്ച് റോഡിൻെറയും പണി നടക്കുമ്പോൾ സമീപപ്രദേശത്ത് താമസിക്കുന്ന 2 വീട്ടുകാർക്ക് തങ്ങളുടെ വീടുകളിലേക്ക്പ്രവേശനം തടസ്സപ്പെട്ടേക്കാം. |

| | | | |
|---|---|---|---|
| | | | എന്ന് ആശങ്കപ്പെടുന്നു. |
| **മറ്റ്പ്രത്യാഘാതങ്ങൾ** | | | |
| 10 | ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണഘട്ടത്തിൽ പൊടിശല്യം, ശബ്ദമലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 11 | പരിസരമലിനീകരണം | | നിർമ്മാണമാലിന്യങ്ങൾ മൂലം |

**1.6. ലഘൂകരണ നടപടികൾ**

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാത ങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 3 | ഗതാഗതം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ പരശുവയ്ക്കൽ റോഡിൽ നിലവിലുള്ള മേൽപ്പാലത്തിലൂടെ |

| | | |
|---|---|---|
| | | ഉള്ള ഗതാഗതം തടസ്സപ്പെടാത്ത വിധത്തിൽ മതിയായ ക്രമീകരണങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യണം. |
| 4 | വീടുകൾ നഷ്ടമാകൽ | വീടുകൾ നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ താമസസൗകര്യത്തിന് യാതൊരു കുറവും വരാത്ത രീതിയിൽ യഥാസമയം പുന:സ്ഥാപന നടപടികൾ സ്വീകരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. |
| 5 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകു വാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രി കളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും നിലവിലെ റോഡിലൂടെ യാത്ര ചെയ്യുന്നവരുടേയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം |
| 6 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 7 | വീടിൻെറ മുറ്റം നഷ്ടപ്പെടുന്ന കുടുംബങ്ങൾ | വീടിൻെറ മുറ്റം നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് ശരിയായ അതിർത്തിഭിത്തി നിർമ്മിച്ചു നൽകണം |

# അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുതൽ പാറശാല വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലിൻെറ ഭാഗമായുള്ള RUB109A നിർമ്മിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപ്പിലാക്കുന്നത്. ഇത് സംസ്ഥാനങ്ങൾക്കിടയിൽ മികച്ച റെയിൽ ശൃംഗല വികസിപ്പിച്ച് സഞ്ചാരം സുഗമമാക്കുന്നു. നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്ന് 0.2211 ഹെക്ടർ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. 01-08-2023 തീയതിയിലെ G.O. (Rt) No.2851/2023/RD വിജ്ഞാപന പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ നിർവഹണം, അറ്റകുറ്റ പണികൾ നടത്തൽ, എന്നിവയുടെ മേൽനോട്ടം, ദക്ഷിണ റെയിൽവേയുടെ കൺസ്ട്രഷൻ ബ്രാഞ്ചിനാണ്. നിലവിലുള്ള റെയിൽവേ മേൽപ്പാലം (ROB108) നു പകരമാണ് RUB109A നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ, റെയിൽവേ യൂണിറ്റ് 3 വഴുത്തൂർ നെയ്യാറ്റിൻകര ആയിരിക്കും.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ റെയിൽവേ പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. റെയിൽവേ പാത ഇരട്ടിപ്പിക്കലിൻെറ ഭാഗമായി ROB 108 പുനർ നിർമ്മിക്കേണ്ടതുണ്ട്. പുതിയ പാലം മേൽപ്പാലമായി നിർമ്മിച്ചാൽ റോഡിൻെറ ഗ്രേഡിയൻറ് കുത്തനെ ഉയരുകയും റോഡിൻെറ ഇരുവശങ്ങളിലും ഉള്ള പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാവുകയും ചെയ്യുന്നു. അതിനാൽ മേൽപ്പാലത്തിൽ

നിന്ന് 500 മീറ്റർ അകലെയായി RUB109A നിർദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി വിജയ കരമായി നടപ്പിലാക്കുമ്പോൾ തടസ്സങ്ങൾ ഇല്ലാതെ ട്രെയിനുകളുടെ ഗതാഗതം സുഗമ മായി നടക്കുകയും യാത്ര സമയം കുറയ്ക്കുകയും ചെയ്യും. ഭൂമി ഏറ്റെടു ക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപ നത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

### 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്ന് 0.2211 ഹെക്ടർ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ഈ പദ്ധതി തിരുവനന്തപുരത്തിനും നാഗർകോവിലിനും ഇടയ്ക്കാണ്. ഏകദേശം 1.1 കോടി രൂപയാണ് RUB109A നിർമ്മാണത്തിനായി വകയിരിത്തിയിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ റെയിൽവേ ഗതാഗത സംവിധാനങ്ങളുടെ പ്രവർത്തന ക്ഷമത വലിയ തോതിൽ മെച്ചപ്പെടും.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നെയ്യാറ്റിൻകര മുതൽ പാറശാല വരെയുള്ള റെയിൽവേപാത ഇരട്ടിപ്പിക്കലിൻെറ ഭാഗമായുള്ള RUB109A യുടെ നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നത്. RUB109A നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പാതയോട് ചേർന്നുള്ള ഭൂമി മാത്രമെ ഏറ്റെടുക്കാൻ ആകൂ. ബദൽ മാർഗ്ഗങ്ങൾ എല്ലാം പരിഗണിച്ചതിനു ശേഷം മാത്രമാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത്.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി രണ്ട് ഘട്ടങ്ങളായാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ RUB109A നിർമ്മാണം, രണ്ടാംഘട്ടത്തിൽ ROB108 പൊളിക്കുകയും ഗതാഗതം പുതിയ RUB109A വഴി തിരിച്ചു വിടുകയും ചെയ്യും.

**2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

നിർദ്ദിഷ്ട പദ്ധതിയുടെ നിലവിലെ അലൈൻമെൻറ് പ്രകാരം പുതിയ RUB109A വീതി 9 മീറ്ററും, നീളം 36 മീറ്ററുമാണ്. വീതി 9 മീറ്ററിൽ 7 ½ മീറ്റർ പാലത്തിന്റെ വീതിയും 1½ മീറ്റർ നടപ്പാതയുമാണ്. പാലത്തിന്റെ ഇരുവശങ്ങളിലുമായി 180 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ് ഉണ്ടായിരിക്കുന്നതാണ്. അപ്രോച്ച് റോഡ് വീതി 7½ മീറ്റർ ആയിരിക്കും. ട്രാക്കുമായി ബന്ധപ്പെട്ട് മണ്ണ് പൊന്തികിടക്കുന്ന സ്ഥലത്ത് സംരക്ഷണ ഭിത്തി നിർമ്മിച്ച് പാലത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യും.

**2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ നിലവിലെ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി**

പദ്ധതിയുടെ നടത്തിപ്പിനായി 100–200 ആളുകളുടെ തൊഴിൽ ദിനങ്ങൾ പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ ആവശ്യമായി വരും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായ ത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത വിലയിരുത്തൽ / പരിസ്ഥിതി ആഘാത വിലയിരുത്തൽ മുൻപ് നടത്തിയിട്ടില്ല.

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതി യിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം
- വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുതൽ പാറശാല വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലിൻെറ ഭാഗമായുള്ള RUB109A നിർമ്മിക്കുന്നതിന് വേണ്ടി നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്ന് 0.2211 ഹെക്ടർ ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ് ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിനെ ചുമതല പ്പെടുത്തിക്കൊണ്ട് 2023 ഒക്ടോബർ 20 തിയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) തിരുവനന്തപുരം ജില്ലാ കളക്ടർ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ K14/556676/23 പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റി ൻെറ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൻെറ പ്രിൻസിപ്പാളിൻെറ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 11 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാ ഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി.. ചെയർമാൻ എസ്.ഐ.എ (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. എം.കെ.ജോസഫ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 19 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ഡോ. ഫാ. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 5 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, കൺസൾട്ടൻറ് | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ഡോ. കിരൺ തമ്പി | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 12 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ഡോ. അനിൽ ജോൺ | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 9 | വിനയൻ വി എസ്സ് | എം.എസ്. ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | 20 വർഷത്തെ പ്രവർത്തനപരിചയം |
| 10 | ലിജി.വി.ഇ | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | 25 വർഷത്തെ പ്രവർത്തനപരിചയം |
| 11 | ദിവ്യ.പി.ജി | എം.എ. റിസേർച്ച് അസ്സോസിയേറ്റ് | 14 വർഷത്തെ പ്രവർത്തനപരിചയം |
| 13 | ശരത് റാഫി | ബി.കോം,കമ്പ്യൂട്ടർ ആപ്ലിക്കേഷൻ(ടാലി) കോ ഓഡിനേറ്റർ(അക്കൗണ്ടൻസ്) | 8 വർഷത്തെ പ്രവർത്തനപരിചയം |

| | | | |
|---|---|---|---|
| 14 | ബിൽബിൻ കെ വിത്സൺ | ബി.എസ്.സി ഫിസിക്സ്<br>ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തനപരിചയം |

**മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.**

പദ്ധതി ബാധിത ഭൂവുടമകൾക്കും മറ്റ് വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക, സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുക എന്നിവയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവര ശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം ഭൂവുടമകൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത ഭൂവുടമയുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവര ങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത ഭൂവുടമയുമായി ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ ആദ്യ ഘട്ടത്തിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, ഏറ്റെടുക്കപ്പെടുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയും റെയിൽവേ അധീനതയിലുള്ള ഭൂമിയും പരിശോധിക്കുകയും, പദ്ധതി ബാധിതമാകുന്ന വസ്തുവകകൾ നിരീക്ഷിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി ബാധിത ഭൂമിയുടെ പ്രതിനിധിയുമായി പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, ഭൂവുടമകളെക്കുറിച്ചുള്ള വിവരങ്ങൾ, ഉടമയുടെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും ഭൂവുടമക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേയുടെ കൺസ്ട്രഷൻസ് ഡപ്യൂട്ടി ചീഫ് എൻജിനീയറുടെ തൈക്കാട്ടുള്ള കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ

തഹസിൽദാർ, എൽ.എ. റെയിൽവേ യൂണിറ്റ് 3 വഴുത്തൂർ നെയ്യാറ്റിൻകര നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

പദ്ധതി ബാധിത ഭൂവുടമയുമായും മറ്റ് വ്യക്തികളുമായും അഭിമുഖത്തിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ പദ്ധതി ബാധിത ഭൂവുട മക്കും, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിക്കുന്ന പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശക ലനം ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിത ഭൂവുടമയോ, ജനപ്രതിനിധി കളോ ഉന്നയിക്കുന്ന അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗ സ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയി രുത്തൽ പഠനത്തിന്റെ അന്തിമരേഖ തയ്യാറാക്കുന്നത്.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും, പദ്ധതി ബാധിത സ്ഥലങ്ങൾ നിരീക്ഷിക്കുകയും, പദ്ധതി ബാധിതമാകുന്ന വസ്തുവകകൾ അടയാളപ്പെടു ത്തുകയും പദ്ധതി ബാധിത ഭൂമിയുടെ ഉടമയെ കണ്ടെത്തുകയും, അവരുടെ പ്രതിനി ധിയിൽ നിന്ന് സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമി കവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം സ്വകാര്യ ഭൂവുട മക്കും ദക്ഷിണ റെയിൽവേയ്ക്കും, പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാത ങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധി തരുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാ വശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും,

പദ്ധതി ബാധിത ഭൂവുടമകളും ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയു മാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്.

അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേയുടെ കാര്യാലയത്തിൽ നിന്നും, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. റെയിൽവേ യൂണിറ്റ് 3 വഴത്തൂർ നെയ്യാറ്റിൻകര കാര്യാലയത്തിൽ നിന്നുമാണ് ദ്വീതിയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്ക ലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോ ധിച്ചു.

### 3.5. തത്പര കക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയ ത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം
- ❖ പദ്ധതിബാധിത ഉടമയുമായി അഭിമുഖം
- ❖ ദക്ഷിണ റെയിൽവേ ഉദ്യോഗസ്ഥരും, എൽ.എ.റെയിൽവേ യൂണിറ്റ് 3–ലെ ഉദ്യോഗസ്ഥരുമായും ജനപ്രതിനിധികളുമായും മറ്റ് പ്രദേശവാസികളുമായും അഭിമുഖം
- ❖ കരട് രേഖ തയ്യാറാക്കലും, പ്രസിദ്ധപ്പെടുത്തലും
- ❖ 10.01.2024 ചൊവ്വാഴ്ച്ച രാവിലെ 11.00. മണിക്ക് പരശുവയ്ക്കൽ സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക് ഹാളിൽ പബ്ലിക് ഹിയറിംഗ്

# അദ്ധ്യായം 4

# സ്ഥലത്തിന്റെ മൂല്യ നിർണ്ണയം

## 4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

തിരുവനന്തപുരം ജില്ലയിലെ പരശുവയ്ക്കൽ വില്ലേജിൽ നിലവിലുള്ള റെയിൽവേ ROB108 നു പകരമായി ROBയിൽ 500 മീറ്റർ അകലത്തിൽ RUB109A നിർമ്മിക്കുക എന്നതാണ് പദ്ധതി. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം പരശുവയ്ക്കൽ വില്ലേജിലെ 49–ാം ബ്ലോക്കിലെ പാറശാല പഞ്ചായത്തിലെ 6,7 വാർഡിൽ ഉൾപ്പെ ടുന്നു. പദ്ധതി നിലവിൽ വരുമ്പോൾ നെയ്യാറ്റിൻകര പാറശാല റൂട്ടിൽ ഗതാഗതം വേഗത്തിൽ ആക്കുന്നതിനും തിരക്ക് കുറയ്ക്കുന്നതിനും റെയിൽ ശൃംഖലയിലെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും സാധിക്കും. പാത ഇരട്ടിപ്പിക്കൽ കാലതാമസം കുറയ്ക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും അതുവഴി സാമ്പത്തിക വികസനം സാധ്യമാക്കാനും സാധിക്കും.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ നിന്ന് 0.2211 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും, പൊതുജനങ്ങൾക്കും ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാ ഘാതങ്ങൾ അദ്ധ്യായം1ൽ 1.5 ൽ നൽകിയിട്ടുണ്ട്. ഏറ്റെടുക്കുന്ന പ്രദേശത്തിന പ്പുറത്തേക്ക് മൊത്തത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് പഠന സംഘം വിലയിരുത്തുന്നു.

## 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ഡപ്യൂട്ടി ചീഫ് എൻജിനീ യർസമർപ്പിച്ച അർത്ഥനപത്രം പ്രകാരം 0.2211 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ച ത്തിൽ പഠനസംഘ വിലയിരുത്തുന്നു.

**4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പദ്ധതി നിർമ്മാണ ഘട്ടത്തിൽ ROB108-ലൂടെ ഉള്ള ഗതാഗതം തടസ്സപ്പെടുമോ എന്ന ആശങ്ക പ്രദേശവാസികൾക്ക് ഉണ്ട്.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ ഉൾപ്പെട്ട 298, 299, 306, 307, 308, 313 സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 0.2211 ഹെക്ടർ സ്ഥലമാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതി പ്രദേശം പാറശാല പഞ്ചായത്തിലെ 6,7 വാർഡുകളിൽ പെടുന്നു. പദ്ധതി ബാധിത മാകുന്ന സ്ഥലം പുരയിടം, നിലം വിഭാഗത്തിൽ പെടുന്നു.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

**പദ്ധതിബാധിത ഭൂമിയുടെ തരം**

പദ്ധതിബാധിത ഭൂമിയിൽ 307/10 സർവ്വെ നമ്പരിലുള്ള സ്ഥലം നിലം വിഭാഗത്തിലും ബാക്കി സർവ്വെ നമ്പരിലുള്ള സ്ഥലം പുരയിടം വിഭാഗത്തിലും ഉൾപ്പെടുന്നു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, പ്രധാനമായും താമസത്തിനും, കൃഷിയ്ക്കുമായി ഉപയോഗിച്ചു വരുന്നു.

**4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം**

വിവരം നൽകിയ പദ്ധതിബാധിത 9 ഭൂവുടമകളിൽ 2 ഉടമക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് 10 സെൻറിന് താഴെയും, 1 ഭൂവുടമകൾക്ക് 10 സെൻറിനും 25 സെൻറിനും ഇടയിലും, 2 ഭൂവുടമകൾക്ക് 25 സെൻറിനും 50

സെൻറിനും ഇടയിലും, 4 ഭൂവുടമകൾക്ക് 50 സെൻറിന് മുകളിലും ആണ്. കൂടാതെ, ഭൂവുടമകളിൽ 7 ഉടമകൾ പ്രസ്തുത സ്ഥലം താമസത്തിനും കൃഷിയ്ക്കുമായി ഉപയോഗിക്കുന്നു. ബാക്കി 2 ഭൂവുടമകളിൽ ഒരു ഭൂവുടമ പ്രസ്തുത സ്ഥലം വാഴ, തെങ്ങ് തുടങ്ങിയ കൃഷിയ്ക്കായി ഉപയോഗിച്ചു വരുന്നു. എന്നാൽ ഒരു ഭൂവുടമയുടെ സ്ഥലം തരിശ്ശായി കിടക്കുന്നതാണ്.

### 4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം – 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്നും ഏകദേശം 0.2211 ആർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന ഭൂവുടമയുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

#### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

2023 ഒക്ടോബർ 20–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തിരുവനന്തപുരം ജില്ലാ കളക്ടറുടെ വിജ്ഞാപനം K14/556676/23 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, നെയ്യാറ്റിൻകര മുതൽ പാറശാല വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കൽ ഭാഗമായുള്ള RUB109A നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽനിന്ന് 0.2211 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ദക്ഷിണ റെയിൽവേ ഉദ്ദേശിക്കുന്നു. സർവ്വെ നടത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു

**പട്ടിക**

**5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| 1 | റോണാൾഡ്, വറുവേൽ C/o. റോമൻ ഹൗസ്, പരശുവയ്ക്കൽ, പാറശാല | 299/13-1 | സ്ഥലം, മുറ്റം |
| 2 | ഭാസ്ക്കരൻ, മാവ്ലറ പ്ലാക്കം, പരശുവയ്ക്കൽ, , പാറശാല | 328/7 | ചുറ്റുമതിൽ |
| 3 | ജിനേഷ്, C/o.ജോർജ്ജ്, കലവറവിളാകം ഹൗസ്, പരശുവയ്ക്കൽ, , പാറശാല | 298/19 | മതിൽ,വാഴ |
| 4 | ബിന്ദു, ശ്രീലക്ഷ്മി, അമ്പത്തരവിളാകത്തു മേക്കേപുത്തൻ വീട്, കുന്നത്തുകാൽ, പരശുവയ്ക്കൽ, പാറശാല | 307/10 | നിലം |
| 5 | സാബു, ബാലൻ പണിക്കർ, അമ്പലത്തുവിള വീട്, പരശുവയ്ക്കൽ, പാറശാല | 298/9-2 | സ്ഥലം, മുറ്റം |
| 6 | ശകുന്തള, സാബു, അമ്പലത്തുവിള ഹൗസ്, പരശുവയ്ക്കൽ, പാറശാല | 298/9 | സ്ഥലം, ചെറിയ മാവ്-1, പപ്പയ-1, തെങ്ങ്-1, വാഴ ഷീറ്റ് മതിൽ |
| 7 | ബിനു നായർ, കൃഷ്ണ നിവാസ്, പരശുവയ്ക്കൽ, പാറശാല | 298/5 | പ്ലാവ്, ചുറ്റുമതിൽ,ഗേറ്റ് |
| 8 | കുമാരി അനിത, മൊഹുല, കൃഷ്ണകുമാർ, അഞ്ജലി ഹൗസ്, പരശുവയ്ക്കൽ, പാറശാല | 298/11 | സ്ഥലം, റംബൂട്ടാൻ |
| 9 | ബിന്ദു,W/o.സേനൻ, കൃഷ്ണ നിവാസ്, പരശുവയ്ക്കൽ, പാറശാല | 298/5-1 | വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെടും, തെങ്ങ്-1, വാഴ-4,ചുറ്റുമതിൽ,ഗേറ്റ് |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന പദ്ധതി പ്രദേശങ്ങൾ നഗരപ്രദേശങ്ങൾ അല്ല.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.7. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിബാധിതരാകുന്ന 9 ഭൂവുടമകളിൽ, ഭൂമി ഏറ്റെടുക്കുമ്പോൾ കൃഷിയോ /ഫല വൃക്ഷങ്ങളൊ നഷ്ടപ്പെടുന്നത് ഇവരിൽ 4 ഭൂവുടമകൾക്ക് മാത്രമാണ്.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്ന് 0.2211 ഹെക്ടർ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ഈ പദ്ധതി തിരുവനന്തപുരത്തിനും നാഗർകോവിലിനും ഇടയ്ക്കാണ്. പാറശാല ഗ്രാമ പഞ്ചായത്തിലെ വാർഡ് 6,7 ഉൾപ്പെട്ട പ്രദേശവുമാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ 9 ഉടമകൾ പദ്ധതി പ്രദേശത്തും സമീപത്തുമായി താമസിക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പങ്കെടുത്ത പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

വിവരം നൽകിയ പദ്ധതിബാധിത കുടുംബങ്ങളിൽ, 4 കുടുംബങ്ങളിൽ അംഗങ്ങളുടെ എണ്ണം 1-3 ഇടയ്ക്കാണ്. എന്നാൽ,5 കുടുംബങ്ങളിൽ 4-6 ഇടയ്ക്ക് അംഗങ്ങൾ ഉണ്ട്. ആകെയുള്ള 29 അംഗങ്ങളിൽ 16 പേർ പുരുഷന്മാരും13 പേർ സ്ത്രീകളുമാണ്. കൂടാതെ, 7 പേർ 60 വയസ്സിന് മുകളിൽ ഉള്ളവരും,3 പേർ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുമാണ്.

പദ്ധതിബാധിത കുടുംബങ്ങളിൽ ഒരു ക്രിസ്ത്യൻ മതവിശ്വാസിയും, 8 ഹിന്ദു കുടുംബങ്ങളുമാണ് ഉള്ളത്.

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിതമായ കുടുംബങ്ങൾ പ്രധാനമായും നീല നിറത്തിലുള്ള റേഷൻ കാർഡ് ആണ് കൈവശം വച്ചിരിക്കുന്നത്. കൂടാതെ, 2 ബി.പി.എൽ റേഷൻ കാർഡ് ഉള്ളവരും ,ഒരു കുടുബം വെള്ള നിറത്തിലുള്ള റേഷൻ കാർഡ് കൈവശം ഉള്ളയാൾ ആണ് .കൃഷി, കച്ചവടം വിദേശത്ത് ജോലി തുടങ്ങി യവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ.

### 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബങ്ങളിലെ, ആകെ അംഗങ്ങളിൽ 7 പേർ 60 വയസോ അതിൽ കൂടുതലോ പ്രായമുള്ള വയോജനങ്ങളാണ്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

#### പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, വിവരം നൽകിയ 9 ഭൂവുടമകളിൽ, 7 പേർ താമസത്തിനു വേണ്ടി പദ്ധതി ബാധിത ഭൂമി ഉപയോഗിച്ചു വരുന്നു. എന്നാൽ ഒരു ഭൂവുടമയുടെ ഭൂമി യാതൊരു പ്രവർത്തനവുമില്ലാതെ തരിശ്ശായി കിടക്കുന്നതാണ്. ഒരു ഭൂവുടമയുടെ സ്ഥലം നിലമാണ്.

ചില ഭൂവുടമകൾക്ക് വാഴ, തെങ്ങ് തുടങ്ങിയവ ചെറിയ തോതിൽ നഷ്ടപ്പെടുന്നുണ്ടെങ്കിലും അത് മൂലം വലിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നില്ല. ടി പദ്ധതി മൂലം സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ ആരുടേയും ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നില്ല.

### 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും കൃഷി ഉള്ളവരാണ്. എങ്കിലും ഒരാളുടെ ഒഴികെ മറ്റാരുടേയും കൃഷിയെ പദ്ധതി കാര്യമായി ബാധിക്കുന്നില്ല. കൂടാതെ, കച്ചവടത്തെയും, വിദേശത്തെ ജോലിയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തെയും മറ്റ് തൊഴിലുകളെയും ആശ്രയിച്ച് ഉപജീവനം നടത്തുന്നവരും പദ്ധതി പ്രദേശത്തുണ്ട്.

## 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും 2 വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘട നകൾ ഉള്ളതായി കണ്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

## 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല.

### 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

റെയിൽവേപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി ROB108 പുനർനിർമ്മിക്കേണ്ടതുണ്ട് പുതിയ പാലം മേൽപ്പാലമായി നിർമ്മിച്ചാൽ റോഡിന്റെ ഗ്രേഡിയന്റ് കുത്തനെ ഉയരുകയും റോഡിന്റെ ഇരുവശങ്ങളിലും ഉള്ള പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാവു കയും ചെയ്യുന്നു. അതിനാൽ മേൽപ്പാലത്തിൽനിന്ന് 500 മീറ്റർ അകലെയായി RUB109A നിർദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുമ്പോൾ തടസ്സങ്ങൾ ഇല്ലാതെ റെയിൽവേ ഗതാഗതം, റോഡ് ഗതാഗതം സുഗമമായി നടക്കു കയും യാത്ര സമയം കുറയ്ക്കുകയും ചെയ്യും.

പദ്ധതി പ്രദേശം. പാറശാല ബ്ലോക്ക് പരിധിയിൽപ്പെട്ട പാറശാല ഗ്രാമ പഞ്ചായ ത്തിലെ വാർഡ് 6,7 ൽ ഉൾപ്പെട്ട സ്ഥലമാണ്. ജില്ലാ തലസ്ഥാനത്തു നിന്നും ഏകദേശം 27 കിലോമീറ്റർ ദൂരത്തിലായാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. നെയ്യാറ്റിൻകര, പാറശാല എന്നിവയാണ് പദ്ധതി പ്രദേശത്തോട് ഏറ്റവും ചേർന്ന് കിടക്കുന്ന പട്ടണങ്ങൾ. നെയ്യാറ്റിൻകര, പാറശാല എന്നിവയാണ് ഏറ്റവും അടുത്ത റെയിൽവെ സ്റ്റേഷനുകൾ. പാറശാല നിയമസഭ മണ്ഡലത്തിലും തിരുവനന്തപുരം ലോകസഭ മണ്ഡലത്തിലും ഉൾപ്പെടുന്ന പ്രദേശമാണ് പരശുവയ്ക്കൽ. പൊന്നുംകുളം

ദേവി ക്ഷേത്രം, 2 ഏക്കർ സ്ഥലത്ത് ഒരു കുളം എന്നിവ സമീപ പ്രദേശത്തെ ചരിത്ര പ്രസക്തിയുള്ള ചില സ്ഥലങ്ങളാണ്.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ 6.12.2023 തീയതിയിൽ പദ്ധതിപ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശ ത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന ഏതാനും പദ്ധതി ബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി ചോദ്യാവലി സ്ഥിരീകരിച്ചു. തുടർന്ന് പഠന സംഘം പദ്ധതിബാധിത കുടുംബങ്ങൾ സന്ദർശിച്ച് നിർദ്ദിഷ്ട ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. പദ്ധതിപ്രദേശത്ത് താമസമി ല്ലാത്തതും നേരിൽ കാണുവാൻ കഴിയാതിരുന്നതുമായ ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തിരവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിൻെറ അടുത്ത ഘട്ടമായി 10-01-2024 തീയതിയിൽ പരശുവയ്ക്കൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ഹാളിൽ രാവിലെ 11 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടു ത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതി ബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്യും. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരിക്കും. ഭൂമി ഏറ്റെടുക്കൽ നടപടിക ളുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകും.

## 7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ടപരശുവയ്ക്കൽ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തി ന്റെയും ചട്ടത്തിന്റെയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് നൽകുക.
- നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോൾ നിലവിലെ മേൽപ്പാലത്തിലൂടെയുള്ള ഗതാഗതം തടസ്സപ്പെടാത്ത രീതിയിൽ വേണ്ട മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യുക
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ നെയ്യാറ്റിൻകര മുതൽ പാറശാല വരെയുള്ള റെയിൽവേപാത ഇരട്ടിപ്പിക്കലിൻെറ ഭാഗമായുള്ള RUB109A നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി കണക്കാക്കിയിട്ടുള്ള 1.1 കോടി രൂപ RUB109A നിർമ്മാണത്തിനും അനുബന്ധ റോഡ് നിർമ്മാണത്തിനും വേണ്ടിയാണ് കണക്കാക്കി യിരിക്കുന്നത് എന്ന് DPR –ൽ പറയുന്നു.

**7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പദ്ധതിയുടെ രൂപരേഖയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല. പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠസംഘം വിലയിരുത്തുന്നു.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള

അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്യതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 3 | ഗതാഗതം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിലവിലെ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടാത്ത വിധത്തിൽ വേണ്ട ക്രമീകരണങ്ങൾ ആസൂത്രണം ചെയ്യുക. | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യം നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 4 | നിർമ്മാണ മാലിന്യങ്ങൾ നിർമ്മാർജനം | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടി തവുമായി | പദ്ധതി നിർമ്മാണ ഘട്ടത്തിനു | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ |

| | | | | |
|---|---|---|---|---|
| | ചെയ്യാതിരിക്കൽ | നിർമ്മാർജനം ചെയ്യുക | മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 5 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാത
## പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് തിരുവനന്തപുരം ജില്ലാ കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ, റെയിൽവേ യൂണിറ്റ് 3 വഴുത്തൂർ നെയ്യാറ്റിൻകര ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധി തരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ– പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ–പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബ ത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ സ്ഥാപനത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും

ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/സ്ഥാപനത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനു സൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ന്റെ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഒട്ടോണമസ്), കളമശ്ശേരിയെയാണ് ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി തിരുവന ന്തപുരം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. 2023 ഒക്ടോബർ 20–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തിരുവനന്തപുരം ജില്ലാ കളക്ടറുടെ വിജ്ഞാപനം K14/556676/23 പ്രകാരം നിർദ്ദിഷ്ട

പദ്ധതിക്ക് വേണ്ടി, നെയ്യാറ്റിൻകര മുതൽ പാറശാലവരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കൽ ഭാഗമായുള്ള RUB109A നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽനിന്ന് 0.2211 ഹെക്ടർ സ്ഥലം പദ്ധതിയ്ക്കായി ഏറ്റെടുക്കുന്നത് .ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിനെ ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള വിവിധ ങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാ രവും പുനരധിവാസ–പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

ബാധകമല്ല

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന തിരുവനന്തപുരം ജില്ലാ കളക്ടർ, പദ്ധതിയുടെ പുനരധിവാസ-പുനസ്ഥാപന സ്കീമിന്റെ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ, റെയിൽവേ യൂണിറ്റ് 3 വഴുത്തൂർ നെയ്യാറ്റിൻകര ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ-പുനഃസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്റ റിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 11

## ചിലവുകളും നേട്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

നിലവിലുള്ള റെയിൽവേ മേൽപ്പാലം (ROB108) നു പകരമാണ് RUB109A നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് 2023 ഒക്ടോബർ 20–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തിരുവനന്തപുരം ജില്ലാ കളക്ടറുടെ വിജ്ഞാപനം K14/556676/23 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, നെയ്യാറ്റിൻകര മുതൽ പാറശാലവരെയുള്ള റെയിൽവേപാത ഇരട്ടിപ്പിക്കൽ ഭാഗമായുള്ള RUB109A നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്ന് 0.2211 ഹെക്ടർസ്ഥലം ഏറ്റെടുക്കുവാൻ ദക്ഷിണ റെയിൽവേ ഉദ്ദേശിക്കുന്ന ു. ഈ പാതയിൽ നിലവിൽ ഉള്ള അപകട സാധ്യതകൾ പരിഹരിച്ച് പ്രദേശത്തിന്റെ ഗതാഗതം സുഗമമാക്കൽ, പ്രദേശത്തിന്റെ സമഗ്രവികസനം തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള ആസ്തികൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്. പദ്ധതിബാധിത പ്രദേശത്തെ വാഴ, തെങ്ങ് തുടങ്ങിയ വിളകളുടെ കൃഷി ബാധിതമാവുകയും, 2 വീടിന്റെ ചുറ്റുമതിലും, ഒരു വീട് പൂർണ്ണമായും പൊളിച്ചു മാറ്റേണ്ടി വരികയും ചെയ്യും. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത ഏറെകുറെ എല്ലാ ഭൂവുടമകൾക്കും പദ്ധതിയെക്കുറിച്ച് അനുകൂല മനോഭാവമാണ് എന്ന് മനസിലാക്കുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു

**11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

നെയ്യാറ്റിൻകര മുതൽ പാറശാലവരെയുള്ള റെയിൽവേപാത ഇരട്ടിപ്പിക്കൽ ഭാഗമായുള്ള RUB109A നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട പരശുവയ്ക്കൽ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ട ങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്നതിനാൽ പദ്ധതിബാധിത കുടുംബങ്ങൾ ഉൾപ്പടെയുള്ള ഭൂരിഭാഗം പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതി ബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവ യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു. പുതിയ RUB109A നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോൾ ഈ റോഡിലൂടെയും,

പാലത്തിലൂടെയും ഗതാഗതം തടസ്സപ്പെടാത്ത രീതിയിൽ വേണ്ട മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യുക.

വീടുകൾ നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ താമസ സൗകര്യത്തിന് യാതൊരു കുറവും വരാത്ത രീതിയിൽ യഥാസമയം പുനസ്ഥാപന നടപടികൾ സ്വീകരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. 2023 ഒക്ടോബർ 20–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തിരുവനന്തപുരം ജില്ലാ കളക്ടറുടെ വിജ്ഞാപനം K14/556676/23